# ദൈവഹിതപ്രകാരമല്ലാത്തതും ഉത്തരം ലഭിക്കാത്തതുമായ പ്രാർത്ഥനകൾ

**(ബ്രദർ. സോളമൻ ഇടിക്കുള)**

നാം കഴിക്കുന്ന എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കാറില്ലെങ്കിൽ പിന്നെ എന്തിനു പ്രാർത്ഥിക്കണമെന്നു നമ്മിൽ പലരും ചോദിച്ചേക്കാം. എന്നാൽ വിശുദ്ധവേദപുസ്തകം പരിശോധിച്ചാൽ പല ശ്രേഷ്ടന്മാരായവർക്കും വളരെ വീര്യപ്രവൃത്തികൾ ചെയ്തിട്ടുള്ളവർക്കും തങ്ങൾ പ്രാർത്ഥിച്ചിട്ടുള്ള എല്ലാ വിഷയങ്ങൾക്കും ഉത്തരം ലഭിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ :-

(a) ആവർത്തനങ്ങൾ 3: 25-26 പഴയനിയമത്തിൽ ഏറ്റവുമധികം അത്ഭുത പ്രവൃത്തികൾ ചെയ്തിട്ടുള്ള മോശെയുടെ മിക്കവാറും എല്ലാം പ്രാർത്ഥനകളും ദൈവം ചെവിക്കൊണ്ടിട്ടുണ്ട്. എന്നാൽ ഇവിടെ തന്റെ വ്യക്തിപരമായ, വാഗ്ദത്തനാട്ടിൽ കടന്നുചെന്ന് അവിടം കാണുവാനുള്ള അതിയായ ആഗ്രഹം ദൈവം നിരസിക്കുകയും ഇനിയും അതിനെ ക്കുറിച്ച് എന്നോടു സംസാരിക്കരുത് എന്നു വളരെ ശക്തമായ ഭാഷയിൽ ഒരു താക്കീതും നല്കി. മോശെ പാറയെ രണ്ടാമതൊരിക്കൽകൂടി അടിച്ചതാണ് ദൈവം ഇങ്ങനെ കോപിക്കുവാൻ ഇടയായത്. ഈ അടിക്കപ്പെട്ട പാറ, സർവ്വലോകത്തിനും വേണ്ടി ഒരിക്കലായി ക്രൂശിക്കപ്പെട്ട ക്രിസ്തുവിനു സദൃശമാണ്. രണ്ടാമതും ആ പാറ അടിക്കപ്പെടുക എന്നത് ദൈവത്തിനു ക്ഷമിക്കുവാൻ കഴിയുന്നതിലും അധികമായിരുന്നു.

(b) 1 രാജാക്കന്മാർ 19:4 നമ്മുടെ സമസ്വഭാവക്കാരനും പ്രവാചകശ്രേഷ്ടനുമായ ഏലിയാവിന്റെ, തന്റെ "പ്രാണനെ എടുത്തുകൊള്ളണമെ" എന്ന പ്രാർത്ഥന ദൈവം ചെവിക്കൊണ്ടില്ല. കാരണം ഹസായേലിനെയും, യേഹുവിനെയും രാജാക്കന്മാരായി അഭിഷേകം ചെയ്യുക, ആഹാബിനുള്ള ശിക്ഷ നടപ്പാക്കുക, പ്രാവാചകശിഷ്യനായ ഏലിശയെ അഭിഷേകം ചെയ്യുക എന്നീ പ്രാവാചക ശുശ്രൂഷകൾ തന്നിൽകൂടെ നിവർത്തിച്ചെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ദൈവഹിതമെന്തെന്നു മനസ്സിലാക്കാതെ കേവലമൊരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിക്കാൻ ആഗ്രഹിച്ച ഏലിയാവിന്റെ പ്രാർത്ഥന കൈക്കൊള്ളാതെ, തന്നെ ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളുവാനായിരുന്നു ദൈവീക പ്ളാൻ. ആഗ്രഹിച്ചതിലും നിനച്ചതിലും എത്രയോ ശ്രേഷ്ടവും, ഭഗ്യവുമേറിയ അവസ്ഥയിലേക്കു താൻ മാറ്റപ്പെട്ടു.!

(c) 2 കൊരിന്ത്യർ 12:7-9 ജാതികളുടെ അപ്പോസ്തലനായ പൗലോസ് ജഡത്തിലെ ശൂലം മാറികിട്ടണമെന്നു താൻ 3 പ്രാവശ്യം ദൈവത്തോടു അപേക്ഷിച്ചു എങ്കിലും തനിക്കതിൽ നിന്നും വിടുതൽ കൊടുക്കാതെ പ്രതിവിധി നല്കി മാനിച്ചു. "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു". പൗലോസിന്റെ ശുശ്രൂഷയുടെ വിജയരഹസ്യവും, ശക്തിയും ഈ ശൂലം നിമിത്തമായിരുന്നു. ഇതുകൂടെ ഉണ്ടെങ്കിൽ മാത്രമെ വെളിപ്പാടുകളുടെ ആധിക്യത്താൽ താൻ നിഗളിക്കാതെ ശുശ്രൂഷയിൽ നിലനിൽക്കുകയുള്ളു എന്ന് സകല ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവനായ ദൈവത്തിന് നന്നായിട്ടറിയാമായിരുന്നു. പൗലോസ് ദൈവഹിതത്തിനു വഴങ്ങി, അതു തനിക്കു അനുഗ്രഹത്തിനു കാരണമായി.

(d) മത്തായി 26 : 39 പിതാവായ ദൈവം ഉത്തരം നല്കാതെ തന്റെ ചെവി അടച്ചുകളഞ്ഞ ഏറ്റവും വിലപ്പെട്ട പ്രാർത്ഥന തന്റെ ഏകജാതനായ പുത്രൻ ക്രൂശിക്കപ്പെടുന്നതിനു മുൻപ് ഗെത്ത്ശെമന തോട്ടത്തിൽവച്ച് മനുഷ്യപുത്രൻ എന്ന നിലയിൽ പ്രാർത്ഥിച്ച "പിതാവെ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീങ്ങിപ്പോകേണമേ", എന്ന പ്രാർത്ഥനയാണ്. സ്വർഗസ്ഥനായ പിതാവിനോട് എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് അറിയാൻ പാടില്ലാതിരുന്ന തന്റെ ശിഷ്യന്മാരെപ്പോലും പ്രാർത്ഥന പഠിപ്പിച്ച യേശുവിന്റെ പ്രാർത്ഥനയ്ക്കും പിതാവായ ദൈവം മുഖം മറച്ചുകളഞ്ഞു. കാരണം ആ പ്രാർത്ഥനയ്ക്കു പിതാവു ഉത്തരം നല്കിയിരുന്നു എങ്കിൽ ദൈവിക പദ്ധതിയായ മാനവലോകത്തിന്റെ വീണ്ടെടുപ്പു നടക്കാതെ വരികയും, സാത്താന്റെ തലയെ തകർക്കുവാൻ കഴിയാതെയും വരുമായിരുന്നു.

നമ്മുടെ ഓരോ പ്രാർത്ഥനയും, അതതിന്റെ സമയത്തു നന്നായി ചെയ്യുന്ന നല്ലവനും മഹാരാജാവുമായ ദൈവത്തിന്റെ ഹിതപ്രകാരമായിരിക്കട്ടെയെന്നു ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയുംചെയ്യാം. അവന് അസാദ്ധ്യമായിട്ടൊന്നുമില്ല.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved